**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2061** **06-07-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ എത്ര ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | (എ) | 5 ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ.<br>1.കാസർഗോഡ് നിലയം-കാസർഗോഡ് മണ്ഡലം.<br>2. കാഞ്ഞങ്ങാട് നിലയം - കാഞ്ഞങ്ങാട് മണ്ഡലം.<br>3.തൃക്കരിപ്പൂർ നിലയം-തൃക്കരിപ്പൂർ മണ്ഡലം.<br>4. കുറ്റിക്കോൽ നിലയം - ഉദുമ മണ്ഡലം.<br>5. ഉപ്പള നിലയം - മഞ്ചേശ്വരം മണ്ഡലം. |
| (ബി) | പ്രസ്തുത ഫയർ സ്റ്റേഷനുകൾ ഏത് വർഷമാണ് പണി കഴിപ്പിച്ചതെന്നും നിർമ്മാണത്തിനായി ചെലവഴിച്ച തുക എത്രയാണെന്നും സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ; | (ബി) | (see table below) |

| നിലയം | പണികഴിപ്പിച്ച വർഷം | കെട്ടിടത്തിന് ചിലവഴിച്ച തുക |
|---|---|---|
| കാസർഗോഡ് | 1981 | 40 വർഷത്തിൽ അധികം പഴക്കമുള്ള സ്റ്റേഷനായതിനാൽ നിർമ്മാണചെലവ് സംബന്ധിച്ച രേഖകൾ ലഭ്യമായിട്ടില്ല. |
| കാഞ്ഞങ്ങാട് | 2015 | 135 ലക്ഷം രൂപ |
| തൃക്കരിപ്പൂർ | 2002 | 31 ലക്ഷം രൂപ |
| കുറ്റിക്കോൽ | 2011 | 1 കോടി രൂപ |
| ഉപ്പള | സ്വന്തമായി കെട്ടിടമില്ല | |

| | | | |
|---|---|---|---|
| (സി) | പ്രവർത്തനം ആരംഭിച്ചതിന് ശേഷം നാളിതുവരെ ഇവയുടെ പുനരുദ്ധാരണ പ്രവർത്തനത്തിന് ചെലവഴിച്ച തുക എത്രയാണെന്ന് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ; | (സി) | സ്വന്തമായി കെട്ടിടമുള്ള നാല് ഫയർ സ്റ്റേഷനുകളുടെയും പുനരുദ്ധാരണം നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഇവയിൽ ശോചനീയാവസ്ഥയിലുള്ള കെട്ടിടങ്ങൾ ഏതൊക്കെ; അവയുടെ പുനർനിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ഡി) | കാസർഗോഡ് അഗ്നിരക്ഷാ നിലയത്തിനും ക്വാർട്ടേഴ്സിനും കാലപ്പഴക്കമുള്ളതിനാൽ പുതിയ സ്റ്റേഷൻ കെട്ടിടം, ക്വാർട്ടേഴ്സ് എന്നിവ നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിൽ നിന്നും 8 കോടി രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിരുന്നു. ഇത്ര അധികം ചെലവിൽ ഫയർ സ്റ്റേഷൻ കെട്ടിടം പുനരുദ്ധാരണം നടത്താൻ സാധിക്കാത്തതിനാൽ അത്യാവശ്യം വേണ്ട സൗകര്യങ്ങൾ ഉൾപ്പെടുത്തി പ്ലാനിൽ മാറ്റങ്ങൾ നിർദ്ദേശിച്ച് ആയത് പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കാൻ പൊതുമരാമത്ത് വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട് . |
| (ഇ) | കാസർഗോഡ് ജില്ലയിൽ പുതിയ ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷനുകൾ നിർമ്മിക്കാൻ പ്രൊപ്പോസലുകൾ ഉണ്ടോയെന്നും ഏതൊക്കെ പ്രദേശങ്ങളിലാണ് ഇവ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ? | (ഇ) | സർക്കാർ ഉത്തരവ് (എം.എസ് ) നം. 51/21/ ആഭ്യന്തരം, തീയതി:18.02.2021 പ്രകാരം ചീമേനി എന്ന സ്ഥലത്ത് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട് .<br><br>തത്വത്തിൽ അനുമതി നൽകിയ ഫയർ സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചതിനു ശേഷം മാത്രമേ പുതിയ ഫയർ സ്റ്റേഷനുകൾക്കുള്ള പ്രൊപ്പോസലുകൾ അനുവദിക്കുവാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ